I ഇ.ബി. XIV - കേരള നിയമസഭ /VII-6

# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 16, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

17-05-2017-ലെ നക്ഷത്രചിഹ്നമിട്ട 454-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 17-05-2017-ലെ നക്ഷത്രചിഹ്നമിട്ട 454-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### സ്വാശ്രയ മെഡിക്കൽ കോളേജ് ഫീസിലെ അവ്യക്തത

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നടത്താൻ സർക്കാർ വൈകിയതിനെ തുടർന്നുണ്ടായ സുപ്രീം കോടതി വിധിമൂലം ഫീസ് ഈടാക്കുന്നതിലെ അവ്യക്തത നിലനിൽക്കുന്നതുകൊണ്ടും സാധാരണക്കാർക്ക് എം.ബി.ബി.എസ്.-ന് ചേരാൻ അവസരം നിഷേധിക്കപ്പെടുന്നതുകൊണ്ടും ഉണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മാനേജ്മെന്റുകൾ കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്നുള്ള പ്രതിസന്ധിയും പ്രശ്നങ്ങളുമാണ് സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് നിലവിലുള്ളത്. ഇത്തവണ നീറ്റ് റിസൾട്ട് വരുന്നതിന് മുമ്പുതന്നെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സർവ്വകക്ഷി യോഗം ചേരുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മാനേജ്മെന്റുകളുമായി ചർച്ച

നടത്തുകയും ചെയ്തിരുന്നു. ഫീസ് സംബന്ധിച്ച് ഗവൺമെന്റുമായി ധാരണയിലെത്താത്ത മാനേജ്മെന്റുകൾക്ക് ഫീ റെഗുലേറ്ററി കമ്മിറ്റി അഞ്ച് ലക്ഷം രൂപ ഫീസ് നിശ്ചയിക്കുകയും ഇതിനെതിരെ മാനേജ്മെന്റുകൾ കോടതിയിൽ കേസ് ഫയൽ ചെയ്ത് ഉയർന്ന ഫീസ് ഈടാക്കുന്നതിനുള്ള അനുവാദം വാങ്ങുകയുമുണ്ടായി. മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഉപകാരപ്രദമാകുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരുവിധ വിട്ടുവീഴ്ചയുമുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: ഗവൺമെന്റിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയുമാണ് സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട അനിശ്ചിതത്വത്തിന് പ്രധാന കാരണം. സർക്കാരുമായി കരാറുണ്ടാക്കിയ സ്വാശ്രയ കോളേജുകളിലെ പ്രവേശനത്തിന് ഹൈക്കോടതിയുടെ അനുമതി ലഭിച്ചെങ്കിലും എൻട്രൻസ് കമ്മീഷണർ പുറപ്പെടുവിച്ച നിബന്ധന അനാവശ്യമായ കോടതി വ്യവഹാരങ്ങൾക്ക് കാരണമായിട്ടുണ്ട്. നീറ്റ് മെരിറ്റിൽ ഉയർന്ന റാങ്ക് നേടിയ കുട്ടികളിൽ നിന്ന് കൂടിയ ഫീസ് ഈടാക്കുന്നതിന് മാനേജ്മെന്റുകളുമായി ഗവൺമെന്റുണ്ടാക്കിയ കരാർ

അംഗീകരിക്കാൻ കഴിയില്ല. ഗവൺമെന്റ് കോളേജുകളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ഒരേസമയം അലോട്ട്മെന്റ് നടത്തിയിരുന്നെങ്കിൽ സുപ്രീം കോടതിയുടെ ഇടപെടലുണ്ടാകുമായിരുന്നില്ല. മാനേജ്മെന്റ് സീറ്റുകളിൽ ഉയർന്ന ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങി അഡ്മിഷൻ നടത്താൻ സ്വാശ്രയ മാനേജ്മെന്റുകൾക്ക് സൗകര്യമൊരുക്കുകയാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നത്. കൃത്യസമയത്ത് അലോട്ട്മെന്റ് നടത്താത്തതിനാൽ കേരളത്തിലെ കുട്ടികൾക്ക് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽപ്പോയി അഡ്മിഷനെടുക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ട്. എൻ.ആർ.ഐ. സീറ്റിൽ ഈടാക്കുന്ന 20 ലക്ഷം രൂപ യിൽ നിന്നും 5 ലക്ഷം രൂപയെടുത്ത് 15 പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കാൻ സാധിക്കില്ല. ഫീസിന്റെ കാര്യത്തിൽ അന്തിമ തീരുമാനമാകാത്തതിനാൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന് ഓപ്ഷൻ നൽകാൻ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് സാധിക്കുന്നില്ല. എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സംവരണവും ഫീസും സംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയാണ്. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ</u>

<u>ടീച്ചർ)</u>: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരുവിധ അലംഭാവവും ഉണ്ടായിട്ടില്ല. എല്ലാ വർഷവും ഈ വിഷയത്തിന്മേൽ മാനേജ്മെന്റുകൾ കോടതി മുഖേന അനുകൂല വിധി സമ്പാദിക്കാറുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടികളിൽനിന്നും കോടിക്കണക്കിന് രൂപ കോഴ വാങ്ങി മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ നൽകിയിരുന്നുവെങ്കിൽ ഇപ്പോൾ നീറ്റ് മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളൂ. ഫീസ് നിർണ്ണയ സമിതി നിശ്ചയിച്ച താൽക്കാലിക ഫീസിനെതിരെ മാനേജ്മെന്റുകൾ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സുപ്രീം കോടതി നിർദ്ദേശപ്രകാരം ഹൈക്കോടതി അഞ്ച് ലക്ഷം രൂപ താൽക്കാലിക ഫീസായി അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. വ്യവസ്ഥകൾക്കനുസൃതമായി കരാർ ഒപ്പിട്ട കോളേജുകളോട് അഞ്ച് വർഷത്തേയ്ക്ക് 40 ലക്ഷം രൂപ ഡെപ്പോസിറ്റ് വയ്ക്കണമെന്ന നിർദ്ദേശത്തിനെതിരെ മാനേജ്മെന്റുകൾ വീണ്ടും കോടതിയെ സമീപിക്കുകയും ഒരു കൊല്ലത്തേയ്ക്ക് 5 ലക്ഷം രൂപ ഫീസും 6 ലക്ഷം രൂപ ബാങ്ക് ഗ്യാരണ്ടിയും വാങ്ങണമെന്ന് കോടതി ഉത്തരവിടുകയും ചെയ്തു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് വന്നാൽ മാത്രമേ ഇക്കാര്യത്തിൽ സർക്കാരിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. അലോട്ട്മെന്റ് പ്രോസസ് നല്ല രീതിയിൽ നടപ്പാക്കുന്നതിന് എല്ലാ ഇടപെടലുകളും സർക്കാർ നടത്തിയിട്ടുണ്ട്. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 85 ശതമാനം സീറ്റിലും നീറ്റ് മെരിറ്റിൽ നിന്ന് പ്രവേശനം നടത്താനുള്ള അവസരം ഗവൺമെന്റ് വിനിയോഗിച്ചില്ല. ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മിറ്റി നിശ്ചയിച്ച 5 ലക്ഷം രൂപ ഫീസ് അനുസരിച്ച് അലോട്ട്മെന്റ് പൂർത്തീകരിച്ചിരുന്നുവെങ്കിൽ ഫീസ് ഘടനയിൽ മാറ്റം വരുത്താൻ സാധിക്കില്ലെന്ന് സുപ്രീംകോടതി വിധിക്കുമായിരുന്നു. എം.ബി.ബി.എസ്. പ്രവേശനം പ്രതീക്ഷിച്ചിരുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്കയിലാണ്. സുപ്രീം കോടതിയിൽ സർക്കാരിന്റെ വാദങ്ങൾ ദുർബലമായതുകൊണ്ടാണ് 11 ലക്ഷം രൂപ പലിശരഹിത ഡെപ്പോസിറ്റും 44 ലക്ഷം രൂപ ബാങ്ക് ഗ്യാരന്റിയും കൊടുക്കണമെന്ന് വിധി വന്നത്. 4 തരം ഫീസ് വച്ച് കരാറിൽ ഏർപ്പെടാൻ കഴിയില്ല. കൊള്ള ലാഭം എടുക്കുന്ന മാനേജ്മെന്റുകൾക്ക് ഒത്താശ ചെയ്യുന്ന ഗവൺമെന്റ് നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ആരോഗ്യവകുപ്പുമന്ത്രിക്കെതിരെ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.

ശ്രീ. പി.ജെ. ജോസഫ് പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.

ശ്രീ. ഒ. രാജഗോപാൽ പ്രസ്താവന നടത്തിയശേഷം സഭ വിട്ട് പുറത്തുപോയി. )

## III ശ്രദ്ധക്ഷണിക്കൽ

(1) <u>തെക്കുപടിഞ്ഞാറൻ കാലവർഷം</u>

<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി:</u> സംസ്ഥാനത്ത് തെക്കുപടിഞ്ഞാറൻ കാലവർഷം വളരെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിലെ വരൾച്ചയുടെ പശ്ചാത്തലത്തിൽ കർഷക ആത്മഹത്യ വർദ്ധിക്കാൻ സാധ്യതയുണ്ട്. നിർമ്മാർജ്ജനം ചെയ്യപ്പെട്ട ജലജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിന് നടപടി സ്വീകരിക്കണം. വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് വരൾച്ച നിവാരണത്തിനും പ്രതിരോധത്തിനുമായി ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ/സംസ്ഥാന തലത്തിൽ സ്ഥിരം സമിതികൾ രൂപീകരിക്കുകയും ഡ്രൗട്ട് മാനേജ്മെന്റ് മാന്വൽ തയ്യാറാക്കുകയും വേണം. ഡാമുകളിൽ അടിഞ്ഞ് കൂടിയിരിക്കുന്ന ചെളിയും മറ്റ് മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്ത്

ജലസംഭരണശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. ജി.സി.എഫ് (ഗ്രീൻ ക്ലൈമറ്റ് ഫണ്ട്) പോലുള്ള അന്താരാഷ്ട്ര ഗ്രാന്റുകൾ നേടിയെടുക്കുന്നതിൽ സർക്കാർ പ്രത്യേകം ശ്രദ്ധ ചെലുത്തണം. ജലജന്യരോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കണം. കുടിവെള്ളത്തിനും കാർഷികാവശ്യത്തിനും പുതിയ സോഴ്സുകൾ കണ്ടെത്തണം. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ നിയമം കൊണ്ടുവരണം. കടക്കെണിയിൽപ്പെട്ട കർഷകരുടെ ബാദ്ധ്യതകൾ ലഘൂകരിക്കുന്നതിനും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സംസ്ഥാനത്ത് നിലവിൽ മഴയുടെ ലഭ്യതയിൽ സാരമായ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വർദ്ധിച്ചുവരുന്ന ജല ഉപയോഗവും മഴയുടെ കുറവും നിലവിലുള്ള ജലസ്രോതസ്സുകളുടെ മലിനീകരണവും സൃഷ്ടിക്കുന്ന പ്രതിസന്ധി നേരിടുന്നതിനായി ജലമിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള പ്രാദേശിക ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പുനരുജ്ജീവിപ്പിച്ച് നാട്ടിലെ ജലസുരക്ഷ പരമാവധി ഉറപ്പാക്കുക എന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിവിധ

ഉപനദികൾ വൃത്തിയാക്കുന്ന പ്രവർത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹിക കൂട്ടായ്മയുടെയും നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. 'ജലമാണ് ജീവൻ' എന്ന പ്രചാരണം വഴി ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടുതൽ കിണറുകളും തടയണകളും നിർമ്മിച്ച് ജലസംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള കർമ്മസമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ ജലദൗർലഭ്യം നേരിടുന്ന ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകളിൽ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്. ഡാമുകളിൽ അടിഞ്ഞ് കൂടിയിരിക്കുന്ന ചെളിയും മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് വിശദമായി പരിശോധിക്കും.

(2) <u>റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം കാര്യക്ഷമമായി നടപ്പിലാക്കുകയും ധനസഹായം ഇരുന്നൂറ് രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്യണം. കേന്ദ്രവിഹിതമായ 500 കോടി രൂപ നേടിയെടുക്കാൻ സമ്മർദ്ദം ചെലുത്തണം. കർഷക പെൻഷൻ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കുകയും റബ്ബർ ഉൽപാദന സംഘങ്ങളുടെ കുടിശ്ശിക ബില്ലുകൾ

പാസ്സാക്കുകയും വേണം. സംസ്ഥാനത്ത് റബ്ബർ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനത്തിനെതിരെ ശക്തമായ ഇടപെടൽ നടത്തണം. ജി.എസ്.ടി പ്രകാരം റബ്ബർ തടിക്ക് ഏർപ്പെടുത്തിയ 18 ശതമാനം വർദ്ധിത നികുതി പിൻവലിക്കണം. റബ്ബർ റീപ്ലാന്റേഷൻ പ്രോസസ്സിന് നൽകിയിരുന്ന ആനുകൂല്യം പുന:സ്ഥാപിക്കുന്നതിനും റബ്ബർ ബോർഡിനെ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): റബ്ബർ കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിക്കുകയും സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാകുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 -ൽ പ്രസ്തുത പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തുകയും 479.15 കോടി രൂപ ചെലവഴിക്കുകയും 2017 ജൂൺ 15-ാം തീയതി വരെയുള്ള ബില്ലുകളിന്മേൽ 394.55 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് സ്വാഭാവിക റബ്ബർ ഉപയോഗിക്കുന്നതിലൂടെ റബ്ബറിന്റെ തദ്ദേശീയ ഉപഭോഗം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. റബ്ബർ ബോർഡ്

പ്രോസസ്സ് ചെയ്ത് നൽകുന്ന ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്. നെൽകർഷകർക്ക് താങ്ങുവില നൽകുന്നതിനുള്ള നടപടി പൂർത്തീകരിച്ചുകഴിഞ്ഞു. റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമാക്കുന്ന കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. സംസ്ഥാനത്ത് ആദ്യമായി റബ്ബർ കർഷകർക്ക് ഇടവിളകൃഷിക്കായി 5 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും കൃഷി വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സ്കീമുകളും സംയോജിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സബ്മിഷനുകൾ റദ്ദ് ചെയ്യുന്നതായും അവയ്ക്കുള്ള മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## IV റിപ്പോർട്ട് സമർപ്പണം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും എന്ന സബ്ജക്ട് കമ്മിറ്റി IX-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V ധനകാര്യം

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചു.

## VI നിയമനിർമ്മാണകാര്യം

2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

നിരാകരണപ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. വി. ഡി. സതീശൻ സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി

അവതരിപ്പിക്കപ്പെട്ടില്ല.

ശ്രീ. ജെയിംസ് മാത്യു: 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2017-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## VII അറിയിപ്പ്

### കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരിചയപ്പെടുത്തൽ

പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റേയും സാമാജികർ നൽകുന്ന പരാതികൾ തീർപ്പുകൽപ്പിക്കുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷന്റേയും പരിചയപ്പെടുത്തൽ വൈകുന്നേരം 4.00 മണിക്ക് മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടത്തുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 10.45-ന് പിരിഞ്ഞു.

........